## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

<u>സ്വർണ്ണ ജയന്തി ഗ്രാമസ്വരോസ്ഗാർ യോജന</u>

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3028

03.04.2013 ൽ മറുപടിക്ക്

ചോദ്യം. | ഉത്തരം.

| | | | |
|---|---|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ സി. പി. മുഹമ്മദ്<br>ശ്രീ കെ. ശിവദാസൻ നായർ<br>ശ്രീ പി. സി. വിഷ്ണുനാഥ് | | ശ്രീ.കെ.സി.ജോസഫ്,<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | സ്വർണ്ണ ജയന്തി ഗ്രാമസ്വരോസ്ഗാർ യോജനയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (എ) | വരുമാന വർദ്ധകമായ തൊഴിൽ സംരംഭങ്ങളിലൂടെ ഗ്രാമപ്രദേശങ്ങളിലെ ദാരിദ്ര്യ ജനവിഭാഗത്തിന്റെ വരുമാനം വർദ്ധിപ്പിച്ച് ദാരിദ്ര്യ രേഖയ്ക്ക് മുകളിൽ കൊണ്ടുവരുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശം. തൊഴിൽ പരിശീലനം, സാങ്കേതിക ജ്ഞാനം, അടിസ്ഥാനസൗകര്യം, വിപണന സൗകര്യം, വായ്പ, സബ്സിഡി എന്നിവ ലഭ്യമാക്കി ഗുണഭോക്താക്കളെ ദാരിദ്ര്യരേഖയ്ക്ക് മുകളിലേയ്ക്ക് ഉയർത്തുകയാണ് ലക്ഷ്യമാക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സ്വാശ്രയ സംവിധാനം കൊണ്ടുവരുന്ന കാര്യം പരിഗണനയിലുണ്ടോയെന്നു വിശദമാക്കുമോ; | (ബി) | ടി പദ്ധതി പ്രകാരം ബ്ലോക്കു പഞ്ചായത്തുകൾ മുഖേന രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സ്വയംസഹായ സംഘങ്ങൾ എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ഈ സംവിധാനം വഴി ലഭിക്കുന്ന വിപണന സൗകര്യങ്ങൾ വിശദമാക്കുമോ ? | (സി) | ടി പദ്ധതി മുഖേനയുള്ള ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിന് ഗ്രാമശ്രീ, കേരംസ്. ഡി.എസ്.എം.എസ് എന്നീ സ്ഥിരം സംവിധാനങ്ങളുണ്ട്. എല്ലാ വർഷവും ജില്ലകൾതോറും ഐ.ആർ.ഡി.പി വിപണന മേളകൾ സംഘടിപ്പിക്കുന്നുണ്ട്.<br>കേന്ദ്ര ഗ്രാമവികസന മന്ത്രാലയം വിവിധ സംസ്ഥാനങ്ങളിൽ സംഘടിപ്പിക്കുന്ന സരസ് മേളകളിലും |

| | | | |
|---|---|---|---|
| | | | ടി ഗുണഭോക്താക്കൾക്ക് പങ്കെടുക്കുന്നതിനും ഉല്പന്നങ്ങളുടെ പ്രദർശനവും വിപണനവും ചെയ്യുന്നതിനുള്ള അവസരവും സൗകര്യവും നൽകി വന്നിരുന്നു. |

സെക്ഷൻ ഓഫീസർ